

# <u>അനുബന്ധം</u>

1. **ബഹു. കേരളാ മുഖ്യമന്ത്രിയുടെ ഫോറസ്റ്റ് മെഡൽ ജേതാക്കൾക്ക് അനുവദിച്ചിട്ടുള്ള ബാഡ്ജിന്റെ മാതൃക**

(a) ഒരു തവണ ഫോറസ്റ്റ് മെഡൽ നേടിയിട്ടുള്ള ജീവനക്കാർക്ക് ധരിക്കാവുന്ന ബാഡ്ജ് (അളവ് & കളർ ചട്ടത്തിൽ നിഷ്കർഷിക്കും പ്രകാരം)



(b) ഒന്നിൽ കൂടുതൽ തവണ ഫോറസ്റ്റ് മെഡൽ നേടിയിട്ടുള്ള ജീവനക്കാർക്ക് ധരിക്കാവുന്ന ബാഡ്ജ് (അളവ് & കളർ ചട്ടത്തിൽ നിഷ്കർഷിക്കും പ്രകാരം)



2. (a) ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർ (റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ഗ്രേഡ് ഡെസിഗ്നേഷൻ ലഭിച്ചവർ ഉൾപ്പെടെ) ധരിക്കേണ്ട ഷോൾഡർ ബാഡ്ജ് (അളവ് & കളർ ചട്ടത്തിൽ പ്രതിപാദിക്കും പ്രകാരം)




(b) ഫോറസ്റ്റ് സ്റ്റേഷൻ ചുമതലയുള്ള ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർ വലതു ഷോൾഡറിൽ ധരിക്കേണ്ട പ്ലാസ്റ്റിക് നിർമ്മിത ഷോൾഡർ ബാഡ്ജ് (അളവ്: നീളം– 60 mm, വീതി–50 mm& കളർ ചട്ടത്തിൽ പ്രതിപാദിക്കും പ്രകാരം)




3. സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ ധരിക്കേണ്ട ഷോൾഡർ ബാഡ്ജ്
(അളവ് & കളർ ചട്ടത്തിൽ പ്രതിപാദിക്കും പ്രകാരം)





4. ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ ധരിക്കേണ്ട ഷോൾഡർ ബാഡ്ജ്
(അളവ് & കളർ ചട്ടത്തിൽ പ്രതിപാദിക്കും പ്രകാരം)





5. ഫോറസ്റ്റ് ഡ്രൈവർ ഗ്രേഡ് –II ധരിക്കേണ്ട ഷോൾഡർ ബാഡ്ജ്
(കളർ ചട്ടത്തിൽ പ്രതിപാദിക്കും പ്രകാരം)




6. ഫോറസ്റ്റ് ഡ്രൈവർ ഗ്രേഡ് –I ധരിക്കേണ്ട ഷോൾഡർ ബാഡ്ജ്
(കളർ ചട്ടത്തിൽ പ്രതിപാദിക്കും പ്രകാരം)



7. ഫോറസ്റ്റ് ഡ്രൈവർ സീനിയർ ഗ്രേഡ് ധരിക്കേണ്ട ഷോൾഡർ ബാഡ്ജ് (കളർ ചട്ടത്തിൽ പ്രതിപാദിക്കും പ്രകാരം)



8. ഫോറസ്റ്റ് ഡ്രൈവർ സെലക്ഷൻ ഗ്രേഡ് ധരിക്കേണ്ട ഷോൾഡർ ബാഡ്ജ് (കളർ ചട്ടത്തിൽ പ്രതിപാദിക്കും പ്രകാരം)



9. കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ഗ്രേഡ് ഡെസിഗ്നേഷൻ ലഭിച്ചവർ ഉൾപ്പെടെ), സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ഫോറസ്റ്റ് ഡ്രൈവർ സെലക്ഷൻ ഗ്രേഡ്, ഫോറസ്റ്റ് ഡ്രൈവർ സീനിയർ ഗ്രേഡ്, ഫോറസ്റ്റ് ഡ്രൈവർ ഗ്രേഡ്– I, ഫോറസ്റ്റ് ഡ്രൈവർ ഗ്രേഡ്– II, ഫോറസ്റ്റ് ബോട്ട് ഡ്രൈവർ എന്നീ തസ്തികകളിൽപ്പെട്ട എല്ലാ ജീവനക്കാരും ധരിക്കേണ്ട വനം വകുപ്പിന്റെ അടയാള റിബൺ (അളവ് & കളർ ചട്ടത്തിൽ പ്രതിപാദിക്കും പ്രകാരം). ഫോറസ്റ്റ് ബീറ്റ് അസിസ്റ്റന്റുമാർ യൂണിഫോമിൽ അടയാള റിബൺ ധരിക്കാൻ പാടില്ല.



10. കേരള ഫോറസ്റ്റ് സർവ്വീസിൽ ഉൾപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർ മാത്രമേ ‘KFS’ എന്ന മുദ്ര യൂണിഫോമിൽ ധരിക്കുവാൻ പാടുള്ളൂ.

11. കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ഗ്രേഡ് ഡെസിഗ്നേഷൻ ലഭിച്ചവർ ഉൾപ്പെടെ), സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ഫോറസ്റ്റ് ഡ്രൈവർ സെലക്ഷൻ ഗ്രേഡ്, ഫോറസ്റ്റ് ഡ്രൈവർ സീനിയർ ഗ്രേഡ്, ഫോറസ്റ്റ് ഡ്രൈവർ ഗ്രേഡ്– I, ഫോറസ്റ്റ് ഡ്രൈവർ ഗ്രേഡ്– II, ഫോറസ്റ്റ് ബോട്ട് ഡ്രൈവർ എന്നീ തസ്തികകളിൽപ്പെട്ട ജീവനക്കാരും ഫോറസ്റ്റ് ബീറ്റ് അസിസ്റ്റന്റുമാരും ‘KF’ എന്ന മുദ്ര മാത്രമേ യൂണിഫോമിൽ ധരിക്കാവൂ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - വന സംരക്ഷണ ജീവനക്കാരുടെ യൂണിഫോം ചട്ടങ്ങൾ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.6/2026/F&WLD തീയതി,തിരുവനന്തപുരം, 18-02-2026

---

പരാമർശം:-
1. ജി.ഒ.(എം.എസ്) 242/85/എഡി തീയതി 02.08.1985.
2. സ.ഉ.(എം.എസ്) 72/2015/വനം തീയതി 25.09.2015.
3. സ.ഉ. (സാധാ) 374/2018/വനം തീയതി 08.08.2018.
4. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 20.10.2023, 24.09.2024, 17.11.2025 തീയതികളിലെ ഇ-7/5385/2022 നമ്പർ കത്ത്.

**ഉത്തരവ്**

വനം വന്യജീവി വകുപ്പിലെ വിവിധ വിഭാഗം ജീവനക്കാരുടെ യൂണിഫോം പരിഷ്കരിച്ചു കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ഫോറസ്റ്റ് ബീറ്റ് അസിസ്റ്റന്റ് തസ്തികയിലെ യൂണിഫോം പരാമർശം (2) പ്രകാരവും, ഫോറസ്റ്റ് ഡ്രൈവർ തസ്തികകളിലെ യൂണിഫോം പരാമർശം (3) പ്രകാരവും പരിഷ്കരിച്ചു കൊണ്ട് ഉത്തരവായിട്ടുണ്ട്. യൂണിഫോം ഉപയോഗിക്കുന്ന മറ്റെല്ലാ വിഭാഗങ്ങൾക്കും നിലവിൽ ബാധകമായിരിക്കുന്നത് 1985 ലെ ചട്ടമാണ്.

2) വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സംരക്ഷണ വിഭാഗം ജീവനക്കാരുടെ മനോവീര്യം വർദ്ധിപ്പിക്കുന്നതിനും വിവിധ തസ്തികകളിലെ വനസംരക്ഷണ വിഭാഗം ജീവനക്കാരെ പൊതുജനങ്ങൾക്ക് വളരെ വേഗം തിരിച്ചറിഞ്ഞ് സേവനങ്ങൾ തേടുന്നതിനും വനസംരക്ഷണവിഭാഗം ജീവനക്കാർ നിലവിൽ ഉപയോഗിച്ചു വരുന്ന യൂണിഫോം കാലാനുസൃതമായി പരിഷ്കരിക്കേണ്ടത് അനിവാര്യമായതിനാൽ ആയതിനുള്ള കരട് ചട്ടങ്ങൾ ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിന് പരാമർശം (3) പ്രകാരം ലഭ്യമാക്കിയിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. താഴെ കൊടുത്തിരിക്കുന്ന ചട്ടങ്ങളിൽ പറയുന്ന സംരക്ഷണ വിഭാഗം ജീവനക്കാരുടെ യൂണിഫോം വിഷയത്തിൽ നിലവിലുള്ള ചട്ടങ്ങളും സർക്കാർ ഉത്തരവുകളും അതിലംഘിച്ചുകൊണ്ട് 2026- ലെ കേരള വനസംരക്ഷണ ജീവനക്കാരുടെ യൂണിഫോം ചട്ടങ്ങൾ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു:-

2026-ലെ കേരള വനസംരക്ഷണ ജീവനക്കാരുടെ യൂണിഫോം ചട്ടങ്ങൾ

| | | |
|---|---|---|
| 1. | | ചുരുക്ക പേരും പ്രാബല്യവും |
| | (i) | ഈ ചട്ടങ്ങൾ "2026-ലെ കേരള വന സംരക്ഷണ ജീവനക്കാരുടെ യൂണിഫോം ചട്ടങ്ങൾ" എന്നറിയപ്പെടും. |
| | (ii) | ഈ ചട്ടങ്ങൾ ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. |
| 2. | | വ്യാപ്തി.- |
| | (i) | ഈ ചട്ടങ്ങൾ വനംവകുപ്പിലെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ഫോറസ്റ്റ് ഡ്രൈവർ, ഫോറസ്റ്റ് ബോട്ട് ഡ്രൈവർ, ഫോറസ്റ്റ് ബീറ്റ് അസിസ്റ്റന്റ് എന്നീ പദവികളിലുള്ള എല്ലാ ജീവനക്കാർക്കും ബാധകമായിരിക്കുന്നതാണ്. |
| | (ii) | മേൽപ്പറഞ്ഞ ജീവനക്കാരുടെ യൂണിഫോം സംവിധാനം ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഇതിൽ നിഷ്കർഷിച്ചിരിക്കുന്ന വിധത്തിലായിരിക്കുന്നതാണ്. |
| | (iii) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ഫോറസ്റ്റ് ഡ്രൈവർ ഗ്രേഡ്- II, ഫോറസ്റ്റ് ബോട്ട് ഡ്രൈവർ, ഫോറസ്റ്റ് ബീറ്റ് അസിസ്റ്റന്റ് എന്നീ തസ്തികകളിൽ നിയമിതരാകുന്നവർക്കും ഈ ചട്ടങ്ങൾ ബാധകമായിരിക്കുന്നതാണ്. |
| | (iv) | ഈ ചട്ടങ്ങൾ പ്രകാരമുള്ള യൂണിഫോം വനം വകുപ്പിൽ പ്രസ്തുത വിഭാഗത്തിൽ സേവനത്തിലില്ലാത്ത ആരെങ്കിലും ധരിച്ചാൽ ഭാരതീയ ന്യായ സംഹിത, 2023 പ്രകാരം ശിക്ഷാർഹരായിരിക്കും. |
| | (v) | സർവ്വീസിൽ നിന്നും രാജി വയ്ക്കുകയോ, നീക്കം ചെയ്യുകയോ, പിരിച്ചുവിടപ്പെടുകയോ, വകുപ്പിൽ നിന്ന് വിടുതൽ ചെയ്യപ്പെടുകയോ ചെയ്യുന്ന ജീവനക്കാരുടെ യൂണിഫോം തിരികെ വാങ്ങുന്നതാണ് / തിരികെ നൽകേണ്ടതാണ്. |
| | (vi) | ഈ ചട്ടങ്ങൾ ബാധകമായിട്ടുള്ള ജീവനക്കാർ ജോലി സമയത്ത് ചട്ടത്തിൽ നിഷ്കർഷിച്ചിരിക്കുന്ന യൂണിഫോം വൃത്തിയായും ഭംഗിയായും ചട്ടത്തിൽ |

| | | |
|---|---|---|
| | | അനുശാസിക്കുന്ന രീതിയിലും ധരിച്ചിരിക്കേണ്ടതാണ്. തന്റെ അധികാര പരിധിയിൽ വരുന്ന ജീവനക്കാർ യൂണിഫോം ഇപ്രകാരം ധരിക്കുന്നുണ്ടെന്ന് മേലുദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്. |
| 3. | | <u>യൂണിഫോം ധരിക്കേണ്ട വിധം.-</u> |
| | (i) | ഷർട്ടിന്റെ താഴെ ഭാഗം പാന്റ്സിനുള്ളിലായി വരത്തക്കവണ്ണവും, ഷർട്ടിന്റെ ലംബ പട്ടയും ബൽറ്റിന്റെ ബക്കിളിന്റെ മദ്ധ്യഭാഗവും പാന്റ്സിന്റെ മദ്ധ്യ ഭാഗവും ഒരേ ലൈനിൽ വരുന്ന വിധം പാന്റ്സും ഷർട്ടും ധരിക്കേണ്ടതാണ്. |
| | (ii) | ഈ ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള തസ്തികകളിലെ വനിതാ ജീവനക്കാർ ഗർഭിണികളാകുന്ന അവസരത്തിൽ, ഗർഭകാലത്തിൽ ആറാം മാസം മുതൽ പട്ടികയിൽ നിഷ്കർഷിച്ചിരിക്കുന്ന യൂണിഫോമിന് പകരം കാക്കി സാരിയും ഇരു തോളിലും സ്ട്രാപ്പുകളുള്ള കാക്കി ബ്ലൗസും/ ഇരു തോളിലും സ്ട്രാപ്പുകളുള്ള കാക്കി ചുരിദാർ കാക്കി ഷാൾ സഹിതവും ധരിക്കാവുന്നതാണ്. ഗർഭിണിയായ ഉദ്യോഗസ്ഥ മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതമുള്ള അപേക്ഷ ലഭ്യമാക്കുന്ന മുറയ്ക്ക് ഇതിനുള്ള അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവ് ബന്ധപ്പെട്ട ഡിവിഷൻതല ഓഫീസർമാർ പുറപ്പെടുവിക്കേണ്ടതാണ്. നെയിംബോർഡ്, വനം വകുപ്പ് അടയാള റിബൺ, പദവി ചിഹ്നങ്ങൾ, (അതാത് വിഭാഗത്തിന് പട്ടികയിൽ നിഷ്കർഷിച്ചത് പ്രകാരമുള്ളത്) എന്നിവയും ഇതോടൊപ്പം ധരിക്കേണ്ടതാണ്. |
| | (iii) | 12, 20, 25 എന്നീ വർഷങ്ങളിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നീ ഓരോ വിഭാഗത്തിനും ഗ്രേഡ് ഡെസിഗ്നേഷൻ അനുവദിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന പദവി ചിഹ്നങ്ങളായ നക്ഷത്ര ചിഹ്നങ്ങൾ യൂണിഫോമിൽ ഉപയോഗിക്കുവാൻ ഗ്രേഡ് ലഭിച്ച ബന്ധപ്പെട്ട വിഭാഗം ജീവനക്കാർക്ക് അനുമതി ഉണ്ടായിരിക്കുന്നതാണ്. എന്നാൽ, ഇപ്രകാരം ഗ്രേഡ് ഡെസിഗ്നേഷൻ ലഭിക്കുന്ന ഉദ്യോഗസ്ഥർ ഗ്രേഡ് ഡെസിഗ്നേഷൻ ലഭിച്ച തസ്തികയുടെ ഷോൾഡർ ബാഡ്ജ് ഉപയോഗിക്കുവാൻ പാട്ടുള്ളതല്ല.<br><br>അതായത്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി ഗ്രേഡ് ഡെസിഗ്നേഷൻ ലഭിച്ച ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് |

| | | |
|---|---|---|
| | | ഓഫീസറുടെ ഷോൾഡർ ബാഡ്ജ് നിർബന്ധമായും ധരിച്ചിരിക്കണം. ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി ഗ്രേഡ് ഡെസിഗ്നേഷൻ ലഭിച്ച സെക്ഷൻ ഫോറസ്റ്റ് ഓഫീസർ സെക്ഷൻ ഫോറസ്റ്റ് ഓഫീസറുടെ ഷോൾഡർ ബാഡ്ജും, സെക്ഷൻ ഫോറസ്റ്റ് ഓഫീസറായി ഗ്രേഡ് ഡെസിഗ്നേഷൻ ലഭിച്ച ബീറ്റ് ഫോറസ്റ്റ് ഓഫീസർ ബീറ്റ് ഫോറസ്റ്റ് ഓഫീസറുടെ ഷോൾഡർ ബാഡ്ജും മാത്രമേ ധരിക്കാൻ പാടുള്ളൂ.<br><br>ഗ്രേഡ് ഡെസിഗ്നേഷൻ ലഭിച്ച ഉദ്യോഗസ്ഥർ നെയിം ബോർഡിൽ ഗ്രേഡ് ഡെസിഗ്നേഷൻ എന്നത് കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.<br><br>റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി ഗ്രേഡ് ഡെസിഗ്നേഷൻ ലഭിച്ച ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സ്റ്റേറ്റ് സർവ്വീസിൽ ഉൾപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയുടെ പദവി ചിഹ്നത്തിന്റെ ഭാഗമായ 'KFS' എന്ന മുദ്ര ഉപയോഗിക്കാൻ പാടുള്ളതല്ല. സബോർഡിനേറ്റ് സർവ്വീസിൽപ്പെട്ട സംരക്ഷണ വിഭാഗം ജീവനക്കാരുടെ പദവി ചിഹ്നത്തിന്റെ ഭാഗമായ 'KF' എന്ന മുദ്ര മാത്രമേ ഉപയോഗിക്കാവൂ. |
| 4. | | **ബഹു. കേരള മുഖ്യമന്ത്രിയുടെ ഫോറസ്റ്റ് മെഡൽ ലഭിച്ചവർക്കുള്ള ബാഡ്ജ്-** |
| | (i) | വിശിഷ്ട സേവനത്തിനുള്ള ബഹു. കേരള മുഖ്യമന്ത്രിയുടെ ഫോറസ്റ്റ് മെഡലിന് അർഹരായിട്ടുള്ളതും, ഈ ചട്ടത്തിൽ പ്രതിപാദിച്ചിട്ടുള്ളതുമായ എല്ലാ കാറ്റഗറിയിലുംപെട്ട ഉദ്യോഗസ്ഥർക്ക് താഴെപ്പറയുന്ന രീതിയിലുള്ള ബാഡ്ജ് യൂണിഫോമിന്റെ ഭാഗമായി ഈ ചട്ടത്തിൽ പ്രതിപാദിക്കുംവിധം ധരിക്കാവുന്നതാണ്. |
| | (ii) | വിശിഷ്ട സേവനത്തിനുള്ള ബഹു. കേരള മുഖ്യമന്ത്രിയുടെ ഫോറസ്റ്റ് മെഡലിന് ഒരു തവണ അർഹരായിട്ടുള്ള ജീവനക്കാർക്ക് 80 മില്ലീമീറ്റർ നീളത്തിലും, 18 മില്ലീമീറ്റർ വീതിയിലുമുള്ള പ്ലാസ്റ്റിക്/ മെറ്റൽ പീസിൽ താഴെ പറയുന്ന അളവിലും വർണ്ണത്തിലുമുള്ള തുണിയിൽ പൊതിഞ്ഞ ബാഡ്ജ് ഇടതു പോക്കറ്റിന് മുകൾഭാഗത്തായി ധരിക്കാവുന്നതാണ്.<br><br>ബാഡ്ജിന്റെ വലതു ഭാഗത്തു നിന്നും 10 മില്ലീമീറ്റർ വീതിയിൽ ചുവപ്പ് നിറം തുടർന്ന് 5 മില്ലീമീറ്റർ വീതം വീതിയിൽ മഞ്ഞ, ഓറഞ്ച്, നീല നിറങ്ങൾ തുടർന്ന് 10 മില്ലീമീറ്റർ |

| | | |
|---|---|---|
| | | വീതം വീതിയിൽ പച്ച, വെള്ള, കുങ്കുമം നിറങ്ങൾ തുടർന്ന് 5 മില്ലീമീറ്റർ വീതം വീതിയിൽ നീല, ഓറഞ്ച്, മഞ്ഞ നിറങ്ങൾ തുടർന്ന് 10 മില്ലീമീറ്റർ വീതിയിൽ പച്ച നിറം. |
| | (iii) | വിശിഷ്ട സേവനത്തിനുള്ള ബഹു. കേരള മുഖ്യമന്ത്രിയുടെ ഫോറസ്റ്റ് മെഡലിന് ഒന്നിൽ കൂടുതൽ തവണ അർഹരാകുന്നവർക്ക് ചട്ടം 4 (ii) ൽ നിഷ്കർഷിച്ചിട്ടുള്ള ബാഡ്ജിൽ ഇരു ഭാഗത്തും 10 മില്ലീമീറ്റർ വീതം വീതിയിൽ നീളം വർദ്ധിപ്പിച്ച 100 മില്ലീമീറ്റർ നീളത്തിലും 18 മില്ലീമീറ്റർ വീതിയിലുമുള്ള ബാഡ്ജ് ധരിക്കാവുന്നതാണ്. ഇപ്രകാരം നീളം വർധിപ്പിക്കുമ്പോൾ ചട്ടം 4 (ii) ൽ നിഷ്കർഷിച്ചിട്ടുള്ള ബാഡ്ജിന്റെ വലതു ഭാഗത്ത് 10 മില്ലീമീറ്റർ വീതീയിൽ പച്ച നിറവും ബാഡ്ജിന്റെ ഇടതു ഭാഗത്ത് 10 മില്ലീമീറ്റർ വീതിയിൽ ചുവപ്പ് നിറവും കൂട്ടിചേർക്കപ്പെടും. |
| | (iv) | വിശിഷ്ട സേവനത്തിനുള്ള ബഹു. കേരളാ മുഖ്യമന്ത്രിയുടെ ഫോറസ്റ്റ് മെഡൽ ലഭിച്ചിട്ടുള്ള ജീവനക്കാർക്ക് ടി മെഡൽ/ മെഡലുകൾ താഴെപ്പറയുന്ന പ്രത്യേക സന്ദർഭങ്ങളിൽ യൂണിഫോമിനൊപ്പം മെഡൽ ബാഡ്ജിനു താഴെ ബാഡ്ജിന്റെ മദ്ധ്യഭാഗം വരത്തക്കവിധം ധരിക്കാവുന്നതാണ്.<br>i. റിപ്പബ്ലിക്ക് ദിന/ സ്വാതന്ത്ര്യദിന പരേഡിൽ പങ്കെടുക്കുമ്പോൾ.<br>ii. വിശിഷ്ട വ്യക്തികൾക്കും, മേലുദ്യോഗസ്ഥർക്കും ഗാർഡ് ഓഫ് ഓണർ നൽകുമ്പോൾ.<br>iii. ഗവർണ്ണർ/ മുഖ്യമന്ത്രി/ മറ്റ് മന്ത്രിമാർ എന്നിവർ പങ്കെടുക്കുന്ന സർക്കാരിന്റെ ഔദ്യോഗിക പരിപാടികളുടെ ഭാഗമായി പങ്കെടുക്കുന്ന സന്ദർഭങ്ങളിൽ.<br>iv. മെഡൽ ജേതാക്കൾ റിട്ടയർ (Only on Superannuation) ചെയ്യുന്ന ദിവസം. |
| 5. | | <u>**റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയുടെ യൂണിഫോം**</u> |
| | (i) | **തൊപ്പി:**<br>കാക്കി പീക്ക് ക്യാപ്, കാക്കി ഗാബർഡീൻ 115 മീ.മീ. ഏറ്റവും കൂടിയ പൊക്കം, 552 മി.മീ. തല ചുറ്റളവുള്ള ഒരാൾക്ക് തൊപ്പിയുടെ മുകൾ പരപ്പിന് 264 മി.മീ. വ്യാസം |

| | | |
|---|---|---|
| | | ഉണ്ടായിരിക്കണം. ഓരോ 5 മി.മീ. കൂടുതലിനും കുറവിനും വ്യാസം 3 മി.മീ. കൂടുതലോ കുറവോ ഉണ്ടായിരിക്കേണ്ടതാണ്. പാർശ്വങ്ങളിലെ പട്ട സമനീളത്തിൽ നാലു കക്ഷണങ്ങൾ ചേർത്ത് ഉണ്ടാക്കിയതും, 50 മി.മീ. വീതിയുള്ളതും ആയിരിക്കണം. പട്ടയുടെ മദ്ധ്യത്ത് തൊപ്പിയുടെ മുൻവശത്തായി ശ്വേതലോഹ നിർമ്മിതമായ അശോക സ്തംഭവും, KFS എന്ന ചിഹ്നവും ചേർന്ന മുദ്ര ഉണ്ടായിരിക്കണം. ഇതിന് താഴെ തലയുടെ ഒരു വശത്തുനിന്ന് മുൻപിലൂടെ മറ്റേ വശം വരെ നീളുന്നതും, രണ്ടു പാർശ്വങ്ങളിലും അശോകസ്തംഭ മുദ്രയുള്ള ശ്വേത ലോഹ ബട്ടൻ കൊണ്ടുറപ്പിച്ചതും 15 മി.മീറ്റർ വീതിയുള്ളതുമായ തവിട്ടുനിറത്തിലുള്ള തോൽ വാർ ഉണ്ടായിരിക്കണം. |
| | (ii) | **ഷർട്ട്:**<br><br>മടക്കിവച്ച കോളർ ഉള്ള മുൻവശം തുറന്ന കാക്കി [Hex Code - b 19870, Decimal Code — rgb (177, 152, 112)] ഹാഫ് സ്ലീവ് ഷർട്ട്/ ഫുൾ സ്ലീവ് ഷർട്ട്, ഇരുതോളിലും കാക്കി ബട്ടൺ കൊണ്ട് ഉറപ്പിക്കാവുന്ന ഓരോ തോൾ സ്ട്രാപ്പുകൾ. ഇരു നെഞ്ചിലും കാക്കി ബട്ടൺ കൊണ്ട് ഉറപ്പിക്കാവുന്ന മൂടിയുള്ള ഓരോ പോക്കറ്റുകൾ, മുൻ ഇടതുവശത്തെ ലംബ പട്ട 45 മീ. മീ. വീതിയിൽ വലതുവശത്തെ കാക്കി ബട്ടണുകളാൽ ഉറപ്പിക്കാവുന്ന വിധം. ഫുൾ സ്ലീവ് ഷർട്ട് ഉപയോഗിക്കുന്നവർ കൈമുട്ടിന് മുകൾഭാഗത്ത് നിൽക്കത്തക്ക വിധം ഷർട്ടിന്റെ കൈ മടക്കി വയ്ക്കേണ്ടതാണ്. |
| | (iii) | **പാന്റ്സ്:**<br><br>തുന്നി ചേർത്തിരിക്കുന്ന അരപ്പട്ടയ്ക്ക് 60 മി.മീ വീതിയുള്ളതും, ബൽറ്റിടാനായി ഇരു പാർശ്വങ്ങളിലും പുറകിലുമായി കാക്കി നിറത്തിലുള്ള [Hex Code - b 19870, Decimal Code — rgb (177, 152, 112)] ബട്ടണുകളിൽ ഉറപ്പിക്കാവുന്ന വിധം മൂന്ന് തുണി വലയങ്ങൾ പിടിപ്പിച്ചതുമായ കാക്കി പാന്റ്സ്. പാന്റ്സിന് ഫ്ലീറ്റ് പാടില്ല. അടിവശം മടക്കിതയ്ച്ചതും ആവശ്യത്തിനു മാത്രം വീതിയുള്ളതുമായിരിക്കണം. |
| | (iv) | **സോക്സ്:**<br><br>കാക്കി നിറത്തിലുള്ള കോട്ടൺ/നൈലോൺ സോക്സ്. |
| | (v) | **ഷൂ/ ബൂട്ട്:**<br><br>ബ്രൗൺ നിറത്തിലുള്ളതും, മുൻവശം കൂർത്തതല്ലാത്തതുമായ തോൽ ഷൂ [വനത്തിനുള്ളിൽ മാത്രം കാക്കി/ ഒലീവ് ഗ്രീൻ നിറത്തിലുള്ള റബ്ബർ ബൂട്ട്] |
| | (vi) | **ബെൽറ്റ്:**<br><br>60 മി. മീ. വീതിയിൽ ശ്വേതലോഹ കൊളുത്തോടും ബക്കിളോടും കൂടിയ ബ്രൗൺ തോൽ ബെൽറ്റ്, ബക്കിളിന് മദ്ധ്യത്തിലായി ശ്വേത ലോഹ, അശോക സ്തംഭവും KFS-ഉം ചേർന്ന മുദ്ര. |
| | (vii) | **വിസിൽ:** |

| | | |
|---|---|---|
| | | കടും പച്ച നിറത്തിലുള്ള ചരടിൽ കോർത്തതും, പോലീസുകാർ ഉപയോഗിക്കുന്ന തരത്തിലുള്ളതുമായ നിക്കൽ വിസിൽ. ടി ചരട് ഇടത്തേ തോൾ സ്ട്രാപ്പിനിടയിൽക്കൂടി കക്ഷം ചുറ്റിയും, വിസിൽ ഇടതു നെഞ്ചിലെ പോക്കറ്റിൽ വയ്ക്കത്തക്ക രീതിയിലും ആയിരിക്കണം. |
| | (viii) | **നെയിം ബോർഡ്:** 80 മി. മീ നീളത്തിലും 20 മി. മീ വീതിയിലും ഉള്ള കറുത്ത പ്രതലത്തിൽ വെളുത്ത അക്ഷരത്തിൽ മലയാളത്തിൽ മുഴുവൻ പേര് മുകളിലും ഉദ്യോഗപേര് താഴെയുമായി രേഖപ്പെടുത്തിയ നെയിം ബോർഡ് വലതു പോക്കറ്റിന്റെ മുകളിൽ പോക്കറ്റിനോട് ചേർന്ന് പോക്കറ്റിന്റെ ഇടതുവശം ചേർന്ന് ധരിക്കണം. |
| | (ix) | **പദവി ചിഹ്നങ്ങൾ** |
| | | 1. KFS : 12.7 മി.മീ വലുപ്പത്തിലുള്ള ശ്വേതലോഹ നിർമ്മിതമായ KFS എന്ന ചിഹ്നം ഇരു തോൾ സ്ട്രാപ്പിന്റെ ഏറ്റവും ചുവട്ടിലും ധരിക്കേണ്ടതാണ്.<br>2. നക്ഷത്ര ചിഹ്നങ്ങൾ : ശ്വേതലോഹ നിർമ്മിതമായ "സ്റ്റാർ ഓഫ് ഇന്ത്യ" (അഞ്ച് മുനകളുള്ളത്) മാതൃകയിലുള്ളതും, 25.4 മി.മീ. വ്യാസമുള്ളതുമായ മൂന്ന് നക്ഷത്ര ചിഹ്നങ്ങൾ ഇരു തോൾ സ്ട്രാപ്പിലും ധരിക്കണം. |
| 6. | | <u>ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയുടെ യൂണിഫോം</u> |
| | (i) | ചട്ടം 5. പ്രകാരം റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള യൂണിഫോമിൽ താഴെപ്പറയുന്ന ഭേദഗതികൾ വരുത്തി ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയുടെ യൂണിഫോം നിഷ്കർഷിക്കുന്നു. |
| | (ii) | തൊപ്പിയിൽ KFS എന്നതിനു പകരം KF എന്ന ചിഹ്നം. |
| | (iii) | ബെൽറ്റിൽ KFS എന്നതിനു പകരം KF എന്ന ചിഹ്നം. |
| | (iv) | മൂന്ന് നക്ഷത്ര ചിഹ്നങ്ങൾക്ക് പകരം രണ്ട് നക്ഷത്ര ചിഹ്നങ്ങൾ |
| | (v) | തോൾ സ്ട്രാപ്പിന്റെ ഏറ്റവും ചുവട്ടിൽ KFS എന്നതിനു പകരം KF എന്ന ചിഹ്നം. |
| | (vi) | **അടയാള റിബൺ** : 50 മി. മീ നീളവും 10 മി. മീ വീതിയുമുള്ള പ്ലാസ്റ്റിക് കട്ടയിൽ 5 മി.മീ. വീതിയിൽ ചുവപ്പും പച്ചയും നിറങ്ങൾ ഉള്ളതും ചുവപ്പ് മുകളിലും പച്ച താഴെയും വരുന്ന നിലയിലുള്ള വനം വകുപ്പിന്റെ അടയാള റിബൺ. തോൾ സ്ട്രാപ്പിന്റെ ചുവട്ടിൽ നിന്നും 25 മി. മീ. പൊക്കത്തിൽ ഇരു തോൾ സ്ട്രാപ്പിലും KF എന്ന ചിഹ്നത്തിന് മുകളിലായി അടയാള റിബൺ ധരിക്കേണ്ടതാണ്. |
| | (vii) | **ഷോൾഡർ ബാഡ്ജ്** : 100 മി.മീ : 80 മി.മീ (നീളം : വീതി) ആകെ വരുന്നതും പുറം വലയത്തിൽ 5 മി.മീ. വീതിയ്ക്കുള്ളിൽ ചുവപ്പും, പച്ചയും പുറത്ത് നിന്ന് അകത്തേയ്ക്ക് ബോർഡർ വരുന്നതും, അതിനകം **സാഡിൽ ബ്രൗൺ** **[Saddle Brown — Hex Code - 8B 4513, Decimal Code — rgb (139, 69, 19)]** നിറത്തിലുള്ള ഉൾഭാഗത്ത് വനം വകുപ്പ് എംബ്ലവും, ടി എംബ്ലത്തിന് മുകളിൽ KERALA FOREST DEPARTMENT എന്ന് വെള്ളി |

| | | |
|---|---|---|
| | | നിറത്തിൽ ആലേഖനം ചെയ്ത വെൽവറ്റ് തുണിയിലുള്ള ബാഡ്ജ്. ടി ബാഡ്ജ് ഇടത് ഷോൾഡറിൽ കാക്കി നൂൽ ഉപയോഗിച്ച് തുന്നി പിടിപ്പിക്കുന്നതിന് ആവശ്യമായ അധിക വീതി ബാഡ്ജിന് ഉണ്ടായിരിക്കേണ്ടതുമാണ്. |
| | (viii) | **SHO ബാഡ്ജ് :** ചുവപ്പ്, പച്ച നിറങ്ങൾ ചേർന്നതും മദ്ധ്യ ഭാഗത്ത് കേരളാ സർക്കാർ ചിഹ്നമുള്ളതും, ചിഹ്നത്തിന് മുകളിൽ 'STATION HOUSE OFFICER' എന്നും ചിഹ്നത്തിന് താഴെ KERALA FOREST DEPARTMENT എന്നും രേഖപ്പെടുത്തിയ പ്ലാസ്റ്റിക് ബാഡ്ജ് സ്റ്റേഷൻ ചുമതലയുള്ള ഡെപ്യൂട്ടി റെയിഞ്ച് ഓഫീസർ വലത് ഷോൾഡറിൽ ധരിക്കേണ്ടതാണ്. സ്റ്റേഷൻ ചുമതലയുള്ള ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർ മാത്രമേ SHO ബാഡ്ജ് ധരിക്കാൻ പാടുള്ളൂ. |
| 7. | | **<u>സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയുടെ യൂണിഫോം</u>** |
| | (i). | ചട്ടം 6. പ്രകാരം ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള യൂണിഫോമിൽ താഴെപ്പറയുന്ന ഭേദഗതികൾ വരുത്തി സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയുടെ യൂണിഫോം നിഷ്കർഷിക്കുന്നു. |
| | (ii). | **ഷർട്ട് :** മടക്കിവച്ച കോളർ ഉള്ള മുൻവശം തുറന്ന കാക്കി [Hex Code - b 19870, Decimal Code – rgb (177, 152, 112)] ഹാഫ് സ്ലീവ് ഷർട്ട്, ഇരുതോളിലും കാക്കി ബട്ടൺ കൊണ്ട് ഉറപ്പിക്കാവുന്ന ഓരോ തോൾ സ്ട്രാപ്പുകൾ. ഇരു നെഞ്ചിലും കാക്കി ബട്ടൺ കൊണ്ട് ഉറപ്പിക്കാവുന്ന മൂടിയുള്ള ഓരോ പോക്കറ്റുകൾ, മുൻ ഇടതുവശത്തെ ലംബ പട്ട 45 മീ. മീ. വീതിയിൽ വലതുവശത്തെ കാക്കി ബട്ടണുകളാൽ ഉറപ്പിക്കാവുന്ന വിധം. |
| | (iii). | രണ്ട് നക്ഷത്ര ചിഹ്നങ്ങൾക്ക് പകരം ഒരു നക്ഷത്ര ചിഹ്നം. |
| | (iv). | **ഷോൾഡർ ബാഡ്ജ്** : 100 മി.മീ : 80 മി.മീ (നീളം : വീതി) ആകെ വരുന്നതും പുറം വലയത്തിൽ 5 മി.മീ. വീതിയ്ക്കുള്ളിൽ ചുവപ്പും, പച്ചയും പുറത്ത് നിന്ന് അകത്തേയ്ക്ക് ബോർഡർ വരുന്നതും, അതിനകം നീല **[Blue – Hex Code - 0000FF, Decimal Code – rgb (0, 0, 255)]** നിറത്തിലുള്ള ഉൾഭാഗത്ത് വനം വകുപ്പ് എംബ്ലവും, ടി എംബ്ലത്തിന് മുകളിൽ KERALA FOREST DEPARTMENT എന്ന് വെള്ളി നിറത്തിൽ ആലേഖനം ചെയ്ത വെൽവറ്റ് തുണിയിലുള്ള ബാഡ്ജ്. ടി ബാഡ്ജ് ഇടത് ഷോൾഡറിൽ കാക്കി നൂൽ ഉപയോഗിച്ച് തുന്നി പിടിപ്പിക്കേണ്ടതും, തുന്നിപ്പിടിപ്പിക്കുന്നതിന് ആവശ്യമായ അധിക വീതി ബാഡ്ജിന് ഉണ്ടായിരിക്കേണ്ടതുമാണ്. |
| | (v). | SHO ബാഡ്ജ് ഉണ്ടായിരിക്കുന്നതല്ല. |
| 8. | | **<u>ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയുടെ യൂണിഫോം</u>** |
| | (i). | ചട്ടം 7. പ്രകാരം സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള |

| | | |
|---|---|---|
| | | യൂണിഫോമിൽ താഴെപ്പറയുന്ന ഭേദഗതികൾ വരുത്തി ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയുടെ യൂണിഫോം നിഷ്കർഷിക്കുന്നു. |
| | (ii). | കാക്കി പീക്ക് ക്യാപ്പിന് പകരം കടും ഒലിവ് പച്ച [ Dark Olive Green – Hex Code - 556B2F, Decimal Code – rgb (85, 107, 47)] പീക്ക് ക്യാപ്പ്. |
| | (iii). | ബ്രൗൺ നിറത്തിലുള്ളതും മുൻവശം കൂർത്തതുമല്ലാത്ത തോൽ ഷൂവിന് പകരം കറുത്ത നിറത്തിലുള്ളതും മുൻവശം കൂർത്തതല്ലാത്തതുമായ തോൽ ഷൂ. (വനത്തിനുള്ളിൽ മാത്രം കാക്കി/ ഒലീവ് ഗ്രീൻ നിറത്തിലുള്ള റബ്ബർ ബൂട്ടിന് പകരം കറുത്ത നിറത്തി ലുള്ള റബ്ബർ ഷൂ/ ബൂട്ട്). |
| | (iv). | ബെൽറ്റിന്റെ ബക്കിളിന്റെ മദ്ധ്യത്തിൽ അശോക സ്തംഭം ഇല്ലാതെ KF എന്ന ചിഹ്നം മാത്രം. |
| | (v). | തോൾ സ്ട്രാപ്പിൽ നക്ഷത്ര ചിഹ്നങ്ങൾ ഉണ്ടായിരിക്കുന്നതല്ല. |
| | (vi) | **ഷോൾഡർ ബാഡ്ജ്** : 100 മി.മീ : 80 മി.മീ (നീളം : വീതി) ആകെ വരുന്നതും പുറം വലയത്തിൽ 5 മി.മീ. വീതിയ്ക്കുള്ളിൽ ചുവപ്പും, പച്ചയും പുറത്ത് നിന്ന് അകത്തേയ്ക്ക് ബോർഡർ വരുന്നതും, അതിനകം കടും ഒലീവ് പച്ച [Dark Olive Green – Hex Code - 556B2F, Decimal Code – rgb (85, 107, 47)] നിറത്തിലുള്ള ഉൾഭാഗത്ത് വനം വകുപ്പ് എംബ്ലവും, ടി എംബ്ലത്തിന് മുകളിൽ KERALA FOREST DEPARTMENT എന്ന് വെള്ളി നിറത്തിൽ ആലേഖനം ചെയ്ത വെൽവറ്റ് തുണിയിലുള്ള ബാഡ്ജ്. ടി ബാഡ്ജ് ഇടത് ഷോൾഡറിൽ കാക്കി നൂൽ ഉപയോഗിച്ച് തുന്നി പിടിപ്പിക്കേണ്ടതും, തുന്നിപ്പിടിപ്പിക്കുന്നതിന് ആവശ്യമായ അധിക വീതി ബാഡ്ജിന് ഉണ്ടായിരിക്കേണ്ടതുമാണ്. |
| 9. | | <u>**ഫോറസ്റ്റ് ഡ്രൈവർ ഗ്രേഡ് – II തസ്തികയുടെ യൂണിഫോം**</u> |
| | (i). | ചട്ടം 8. പ്രകാരം ബീറ്റ് ഫോറസ്റ്റ് ഓഫീസർക്ക് നിഷ്കർഷിച്ചിട്ടുള്ള യൂണിഫോമിന് (ഷോൾഡർ ബാഡ്ജ് ഒഴികെ) തുല്യമായ യൂണിഫോം. ഷോൾഡറിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള ബാഡ്ജിനു പകരം ഇടതു ഷോൾഡറിൽ 'V' ആകൃതിയിൽ കടും ഒലീവ് പച്ച [Dark Olive Green – Hex Code - 556B2F, Decimal Code – rgb (85, 107, 47)] നിറത്തിലുള്ള രണ്ട് വരകൾ ഉള്ള ബാഡ്ജ് ഉണ്ടായിരിക്കുന്നതാണ്. |
| 10. | | <u>**ഫോറസ്റ്റ് ഡ്രൈവർ ഗ്രേഡ് – I തസ്തികയുടെ യൂണിഫോം**</u> |
| | (i). | ചട്ടം 9. പ്രകാരം ഫോറസ്റ്റ് ഡ്രൈവർ ഗ്രേഡ് – II തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള യൂണിഫോമിൽ, ഷർട്ടിൽ ഇടതു ഷോൾഡറിൽ 'V' ആകൃതിയിൽ കടും ഒലീവ് പച്ച [Dark Olive Green – Hex Code - 556B2F, Decimal Code – rgb (85, 107, 47)] നിറത്തിലുള്ള മൂന്ന് വരകൾ ഉള്ള ബാഡ്ജ് ഉണ്ടായിരിക്കുന്നതാണ്. |
| | | |

| | | |
|---|---|---|
| 11. | | **<u>ഫോറസ്റ്റ് ഡ്രൈവർ സീനിയർ ഗ്രേഡ് തസ്തികയുടെ യൂണിഫോം</u>** |
| | (i). | ചട്ടം 7. പ്രകാരം സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള യൂണിഫോമിന് (ഷോൾഡർ ബാഡ്ജ് ഒഴികെ) തുല്യമായ യൂണിഫോം. ഷോൾഡറിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള ബാഡ്ജിനു പകരം ഇടതു ഷോൾഡറിൽ 'V' ആകൃതിയിൽ നീല [Blue – Hex Code - 0000FF, Decimal Code – rgb (0, 0, 255)] നിറത്തിലുള്ള മൂന്ന് വരകൾ ഉള്ള ബാഡ്ജ് ഉണ്ടായിരിക്കുന്നതാണ്. |
| 12. | | **<u>ഫോറസ്റ്റ് ഡ്രൈവർ സെലക്ഷൻ ഗ്രേഡ് തസ്തികയുടെ യൂണിഫോം</u>** |
| | (i). | ചട്ടം 6. പ്രകാരം ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള യൂണിഫോമിൽ താഴെപ്പറയുന്ന ഭേദഗതികൾ വരുത്തി ഫോറസ്റ്റ് ഡ്രൈവർ സെലക്ഷൻ ഗ്രേഡ് തസ്തികയുടെ യൂണിഫോം നിഷ്കർഷിക്കുന്നു. |
| | (ii). | **ഷർട്ട് :** മടക്കിവച്ച കോളർ ഉള്ള മുൻവശം തുറന്ന കാക്കി [Hex Code - b 19870, Decimal Code – rgb (177, 152, 112)] ഹാഫ് സ്ലീവ് ഷർട്ട്, ഇരുതോളിലും കാക്കി ബട്ടൺ കൊണ്ട് ഉറപ്പിക്കാവുന്ന ഓരോ തോൾ സ്ട്രാപ്പുകൾ. ഇരു നെഞ്ചിലും കാക്കി ബട്ടൺ കൊണ്ട് ഉറപ്പിക്കാവുന്ന മൂടിയുള്ള ഓരോ പോക്കറ്റുകൾ, മുൻ ഇടതുവശത്തെ ലംബ പട്ട 45 മി. മീ. വീതിയിൽ വലതുവശത്തെ കാക്കി ബട്ടണുകളാൽ ഉറപ്പിക്കാവുന്ന വിധം. |
| | (iii). | STATION HOUSE OFFICER ബാഡ്ജ് ഉണ്ടായിരിക്കുന്നതല്ല. |
| | (iv). | ഷോൾഡറിൽ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള ബാഡ്ജിനു പകരം ഇടതു ഷോൾഡറിൽ 'V' ആകൃതിയിൽ **സാഡിൽ ബ്രൗൺ** [Saddle Brown – Hex Code - 8B 4513, Decimal Code –rgb (139, 69, 19)] നിറത്തിലുള്ള മൂന്ന് വരകൾ ഉള്ള ബാഡ്ജ് ഉണ്ടായിരിക്കുന്നതാണ്. |
| 13. | | **<u>ഫോറസ്റ്റ് ബോട്ട് ഡ്രൈവർ തസ്തികയുടെ യൂണിഫോം</u>** |
| | (i). | ചട്ടം 9. പ്രകാരം ഫോറസ്റ്റ് ഡ്രൈവർ ഗ്രേഡ്- II തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള യൂണിഫോമിൽ താഴെപ്പറയുന്ന ഭേദഗതി വരുത്തി ഫോറസ്റ്റ് ബോട്ട് ഡ്രൈവർ തസ്തികയുടെ യൂണിഫോം നിഷ്കർഷിക്കുന്നു. |
| | (ii) | ഷോൾഡറിൽ V ആകൃതിയിലുള്ള ബാഡ്ജ് ഉണ്ടായിരിക്കുന്നതല്ല. |
| 14. | | **<u>ഫോറസ്റ്റ് ബീറ്റ് അസിസ്റ്റന്റ് തസ്തികയുടെ യൂണിഫോം</u>** |
| | (i) | ചട്ടം 7. പ്രകാരം ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള യൂണിഫോമിൽ താഴെപ്പറയുന്ന ഭേദഗതികൾ വരുത്തി ഫോറസ്റ്റ് ബീറ്റ് അസിസ്റ്റന്റ്-ന്റെ യൂണിഫോം നിഷ്കർഷിക്കുന്നു. |
| | (ii). | വനം വകുപ്പ് അടയാള റിബൺ (ചുവപ്പും പച്ചയും നിറത്തിലുള്ളത്) ഉണ്ടായിരിക്കുന്നതല്ല. |
| | (iii). | [illegible] |

| | | |
|---|---|---|
| | (iii). | ഷോൾഡർ ബാഡ്ജ് ഉണ്ടായിരിക്കുന്നതല്ല. |
| 15. | | <u>റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (ട്രെയിനി) മാരുടെ യൂണിഫോം</u> |
| | (i). | റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള യൂണിഫോമിൽ താഴെപ്പറയുന്ന ഭേദഗതികൾ വരുത്തി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (ട്രെയിനി) മാരുടെ യൂണിഫോം നിഷ്കർഷിക്കുന്നു. |
| | (ii). | കാക്കി പീക്ക് ക്യാപിനു പകരം ശ്വേത ലോഹ നിർമ്മിതമായ അശോകസ്തംഭവും KFS എന്ന ചിഹ്നവും ചേർന്ന മുദ്ര മധ്യഭാഗത്ത് വരുന്ന രീതിയിൽ പച്ച ബെറെ തൊപ്പി (Green Beret Cap) ധരിക്കേണ്ടതാണ്. |
| | (iii) | ശ്വേതലോഹ നിർമ്മിതമായ "സ്റ്റാർ ഓഫ് ഇന്ത്യ" (അഞ്ച് മുനകളുള്ളത്) മാതൃകയിലുള്ളതും, 25.4 മി.മീ. വ്യാസമുള്ളതുമായ മൂന്ന് നക്ഷത്ര ചിഹ്നങ്ങൾ ഇരു തോൾ സ്ട്രാപ്പിലും ഉണ്ടായിരിക്കുന്നതല്ല. |
| 16. | | <u>ഫിസിക്കൽ ട്രെയിനിംഗ് (പി.ടി.) / പരേഡ് സമയങ്ങളിൽ ധരിക്കേണ്ട യൂണിഫോം-</u> |
| | (i). | സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 16/2021/വനം തീയതി 30-08-2021 പ്രകാരം സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ ട്രെയിനിംഗ് മാന്വൽ പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. ഫിസിക്കൽ ട്രെയിനിംഗ് / പരേഡ് സമയങ്ങളിൽ ധരിക്കേണ്ട യൂണിഫോം സംബന്ധിച്ച് പ്രസ്തുത മാന്വലിലെ വ്യവസ്ഥകൾ ഈ ചട്ടത്തിൽ പ്രതിപാദിക്കുന്ന എല്ലാ തസ്തികകൾക്കും ബാധകമായിരിക്കുന്നതാണ്. |

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
മിൻഹാജ് അലം ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ &ഹെഡ് ഓഫ് ഫോറെസ്റ്
ഫോഴ്സ്,തിരുവനന്തപുരം .
ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ/ഓഡിറ്റ് )കേരള, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Reese. V. A
Date: 18-02-2026 15:31:45
സെക്ഷൻ ഓഫീസർ

പകർപ്പ് :-ബഹു.വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ ക്ക്